കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (ജി.സി.ഡി.എ)- കൊച്ചി നഗരസഭാ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ ജി.സി.ഡി.എ വക 70 സെന്റ് സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിച്ച് പി&റ്റി കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്

സ.ഉ(സാധാ)നം. 1454/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 11.07.2019

പരാമർശം :- 1. സ.ഉ(സാധാ)നം.2862/2018/തസ്വഭവ തീയതി.8.11.2018
2. വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ) സെക്രട്ടറിയുടെ 16.11.2018 ലെ 9947/ഇ 1/18/ജിസിഡിഎ നമ്പർ കത്തുകൾ
3. ലൈഫ് മിഷൻ സി.ഇ ഓയുടെ 07.03.2019 ലെ LM/EW/GCDA/2018 നമ്പർ കത്ത്
4. 19.06.2019 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനം
5. സ.ഉ(സാധാ) നം.1453/2019/തസ്വഭവ തീയതി 11.07.2019

## ഉത്തരവ്

സർക്കാരിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി, കൊച്ചി നഗരസഭ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നം.485, 488 എന്നിവയിലുൾപ്പെട്ട അതോറിറ്റി വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാല്പ നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിച്ച് കൊച്ചി പി & റ്റി കോളനിയിലെ 85 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ടി ഭൂമിയുടെ ഉടമസ്ഥത വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ)യിൽ നിലിനിർത്തി ഭവന സമുച്ചയം നിർമ്മിക്കുന്നതിന് പരാമർശം 1 പ്രകാരം പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

2. ഭവന പദ്ധതിയിൽ യൂണിറ്റൊന്നിന് 10.5 ലക്ഷം രൂപ നിരക്കിൽ ആവശ്യമായ തുക ലൈഫ് മിഷൻ അനുവദിക്കുന്നതാണ് എന്ന് ലൈഫ് മിഷൻ ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചിരുന്നുവെന്നും ടി തുകയ്ക്ക് ഉപരിയായി കേന്ദ്ര സർക്കാരിന്റെ PMRY(U) പദ്ധതിയിൽ ഉൾക്കൊള്ളിച്ച് യൂണിറ്റൊന്നിന് 1.5 ലക്ഷം രൂപ കണ്ടെത്താവുന്നതും അതിൽ ഉപരിയായി വരുന്ന തുക CSR/Sponsership വഴി ശേഖരിക്കാവുന്നതും ആണ് എന്ന് ജിസിഡിഎ സെക്രട്ടി അറിയിക്കുകയും ടി ഭവന സമുച്ചയ നിർമ്മാണത്തിനായി അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ പകർപ്പ് പരാമർശം 2 കത്ത് പ്രകാരം സർക്കാരിൽ ലഭ്യമാക്കുകയും ചെയ്തു. ആയത് പ്രകാരം ജി.എസ്.ടി. ഉൾപ്പെടെ 16,52,00,000/- (പതിനാറ് കോടി അമ്പത്തി രണ്ട് ലക്ഷം) രൂപയാണ് ആകെ പ്രതീക്ഷിത ചെലവ് എന്നും കൊച്ചി നഗരസഭയുടെ ഹൃദയഭാഗത്ത് ദുരിത പൂർണ്ണമായ ഭൗതിക സാഹചര്യത്തിൽ ജീവിതം നയിച്ചുവരുന്ന പി & റ്റി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഭവന സമുച്ചയം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് റിപ്പോർട്ട് ചെയ്തിരിക്കുന്ന പ്രതീക്ഷിത ചെലവ് അംഗീകരിച്ച് നിർമ്മാണത്തിനുള്ള ഭരണാനുമതി നൽകണമെന്നും വിശാലകൊച്ചി വികസന അതോറിറ്റി സെക്രട്ടറി അപേക്ഷിച്ചിരുന്നു.

3. എറണാകുളം പി & ടി കോളനിയിലുള്ള എല്ലാ LIFE ഗുണഭോക്താക്കളും അടക്കമുള്ളവരെ പുനരധിവസിപ്പിക്കുന്നതിനായി GCDA യുടെ സ്വന്തമായുള്ള ഭൂമിയിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് സ്വന്തമായി എഞ്ചിനീയറിങ് വിഭാഗമുള്ള GCDA യുടെ നേരിട്ട് ഈ ഭവന സമുച്ചയ നിർമ്മാണം നടത്തുന്നതിന് അനുവാദം നല്കാവുന്നതാണെന്നും ഭവന സമുച്ചയങ്ങളിലെ , 500 ചതുരശ്രയടി പ്ലിന്ത് വിസ്തീർണ്ണം വരുന്ന ഭവനയൂണിറ്റിന് 10.50 ലക്ഷം രൂപയാണ് കണക്കാക്കിയിട്ടുള്ള അടങ്കൽ ചെലവെന്നും. ഈ തുക LIFE മിഷനിൽ നിന്നും അനുവദിക്കാവുന്നതാണെന്നും. Soil Bearing Capacity കുറവായ സ്ഥലമായതിനാൽ ഫൌണ്ടേഷൻ ചെലവ് ഉയരുന്നതുകൊണ്ടോ മറ്റോ, ഭവനയൂണിറ്റിന്

10.50 ലക്ഷം രൂപ എന്ന നിരക്കിന് ഉപരിയായി വരാവുന്ന ചെലവ് GCDA നേരിട്ട് സ്പോൺസർഷിപ്പായോ മറ്റോ കണ്ടെത്തേണ്ടതാണെന്നും ആയതിനാൽ GCDA സമർപ്പിച്ചിട്ടുള്ള ഭവന സമുച്ചയം നിർമ്മാണ പദ്ധതിക്ക് ഭരണാനുമതി നല്കാവുന്നതാണെന്നും പരാമർശം 3 പ്രകാരം ലൈഫ് മിഷൻ അറിയിക്കുകയുണ്ടായി.

4 പരാമർശം 4 പ്രകാരം നടന്ന സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ ലൈഫ് മിഷന്റെ 3-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ഭൂരഹിത ഭവന രഹിതരായ കുടുംബങ്ങൾക്ക് 24 സ്ഥലങ്ങളിൽ നഗരപ്രദേശങ്ങളിൽ ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 175 കോടി രൂപയുടെ ലൈഫ് മിഷന്റെ പ്രപ്പോസലിന് അനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പരാമർശം 5 ഉത്തരവ് പ്രകാരം സർക്കാർ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ജിസിഡിഎയുടെ ഗാന്ധി നഗർ ഡിവിഷൻ നം.63 ൽ പെട്ട 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാലു നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിക്കുന്നതിന് 1584.55 ലക്ഷം (estimated amount) രൂപയുടെ പ്രപ്പോസലും ആയതിൽ ഉൾപ്പെട്ടിട്ടുണ്ട്.

5. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശ 4 ലെ സ്പെഷ്യൽ വർക്കിംഗ് ഗ്രൂപ്പ് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കൊച്ചി നഗരസഭ പരിധിയിലുള്ള രാമേശ്വരം വില്ലേജിലെ സർവ്വേ നം.485, 488 എന്നിവയിലുൾപ്പെട്ട വിശാല കൊച്ചി വികസന അതോറിറ്റി വക 70 സെന്റ് സ്ഥലത്ത് രണ്ട് ബ്ലോക്കുകളിൽ നാലു നിലകളിലായി 88 ഭവനങ്ങൾ ഉൾക്കൊള്ളുന്ന ഭവന സമുച്ചയം നിർമ്മിച്ച് കൊച്ചി പി & റ്റി കോളനിയിലെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് ടി ഭൂമിയുടെ ഉടമസ്ഥത വിശാല കൊച്ചി വികസന അതോറിറ്റി (ജിസിഡിഎ)യിൽ നിലിനിർത്തികൊണ്ട് ജിസിഡിഎയുടെ 15,84,50,000/- (പതിനഞ്ചു കോടി എൺപത്തിനാലുലക്ഷത്തി അൻപതിനായിരം) രൂപയുടെ പ്രപ്പോസലിന് ഭരണാനുമതി നൽകി കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ജി.സി.ഡി.എയുടെ എഞ്ചിനീയറിംഗ് പ്രൊജക്ടുകൾക്ക് സാങ്കേതികാനുമതി നൽകുന്ന അതേ നടപടിക്രമങ്ങൾ പാലിച്ചു കൊണ്ട് ഈ പദ്ധതിക്ക് സാങ്കേതികാനുമതി നൽകേണ്ടതാണ്.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
ടി.കെ.ജോസ്
അഡീഷണൽ ചീഫ് സെക്രട്ടറി

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ലൈഫ് മിഷൻ, തിരുവനന്തപുരം
സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി, കൊച്ചി
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
അക്കൗണ്ടൻറ് ജനറൽ (ജി&എസ്.എസ്.എ),കേരളം തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടിവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ. തിരുവനന്തപുരം.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ്- തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പിഎസ്സിന്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പിഎയ്ക്ക്
തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സിഎയ്ക്ക്